# തിലാന്നൂർ നോർത്ത് എൽ . പി. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 2026



# PROFILE

| | | |
|---|---|---|
| Address. | : | Thilannur North L P School<br>PO. Thazhe chovva<br>Kannur.Dist<br>Pin-670018 |
| Name of BRC | : | Kannur North |
| Name of Corporation | : | Kannur - (Chelora zonal) |
| Name of District | : | Kannur |
| Name of HM | : | Ranjini P V |
| Phone No | : | 8547187386 |
| Email ID | : | thilannurnorthlps@gmail.com |

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുസമൂഹത്തിന്റെ പിന്തുണയോടെ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. സമൂഹത്തിലെ എല്ലാ വിഭാഗം വിദ്യാർത്ഥികളെയും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഉന്നതനിലവാരത്തിലെത്തിക്കുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയു.

വൈജ്ഞാനിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് വിദ്യ ആർജ്ജിക്കുന്നതിനും മാറുന്ന ലോകത്തിനൊപ്പം മുന്നേറാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടിയുള്ള പഠനരീതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാലയത്തിന്റെ അക്കാദമികമായ അവസ്ഥകൾ വിശകലനം ചെയ്യുകയും 5 വർഷങ്ങൾ മുന്നിൽ കണ്ടുള്ള പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യുകയും അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രൊജക്ടുകൾക്ക് രൂപം നൽകുകയും ചെയ്യുക എന്നതാണ് അടിസ്ഥാന പ്രവർത്തനം. ഇതിനായി വിദ്യാലയവുമായി ബന്ധപ്പെടുന്ന പൊതുസമൂഹത്തിലെ എല്ലാ വിഭാഗം ആളുകളുടെയും പൊതുപിന്തുണയും പൂർണമായ സഹകരണവും തേടുന്നതിലൂടെ സമൂഹവും വിദ്യാലയവും തമ്മിലുള്ള ആത്മബന്ധം നിലനിൽക്കുകയും പൊതുവിദ്യാലയ സംരക്ഷണയജ്ഞമെന്ന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുകയും ചെയ്യും.

## വിദ്യാലയം - പൊതുവിശകലനം - സാമൂഹിക പാശ്ചാത്തലം

തിലാന്നൂർ ദേശത്ത് അധിവസിച്ചിരുന്ന സാധാരണക്കാരായ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യം വെച്ച് സ്ഥാപതമായ വിദ്യാലയമാണ് തിലാന്നൂർ നോർത്ത് എൽ.പി. സ്കൂൾ. വലിയവളപ്പിൽ കുഞ്ഞപ്പനായർ എന്നവർ 1929 - ൽ ഈ വിദ്യാലയം സ്ഥാപിച്ചു. 1930 - ൽ അംഗീകാരം ലഭിച്ച വിദ്യാലയത്തിൽ തുടക്കത്തിൽ 5-ാം ക്ലാസ് വരെ പ്രവർത്തിക്കുന്നു. തുടക്കത്തിൽ ഇതിന്റെ മാനേജറും പ്രാധാനധ്യാപികയും വി. കുഞ്ഞി എന്ന കുഞ്ഞുലക്ഷ്മിയമ്മയാണ്. 200 - ൽ മരണപ്പെടുന്നത് വരെ ഇവർ തന്നെയായിരുന്നു മാനേജർ. തുടർന്ന് ഇവരുടെ മകനും പൂർവ്വവിദ്യാർത്ഥിയുമായ അഡ്വ: വി.വി. വിജയൻ 2011 - ൽ അദ്ദേഹത്തിന്റെ മരണശേഷം ഭാര്യയും ഈ വിദ്യാലയത്തിലെ പ്രധാനാധ്യാപികയുമായിരുന്ന പി. രത്നവല്ലി മാനേ

അദ്ദേഹത്തിന്റെ മകൻ ഡോ.വി.ശ്രീജിത്ത് മാനേജരായി തുടർന്നുവരുന്നു. വി കുഞ്ഞുലക്ഷ്മിയമ്മ , പാറുക്കുട്ടിയമ്മ, കുഞ്ഞിക്കണ്ണൻ മാസ്റ്റർ , വി.വി. സൗദാമിനി, പി.രത്നവല്ലി, കെ. വി പ്രീത, പി. ഈശ്വരി എന്നിവർ പ്രധാനാധ്യാപകരായും, അബ്ദുൾ ഖാദർ മാസ്റ്റർ, പക്കർകുട്ടി മാസ്റ്റർ, വിജയലക്ഷ്മി ടീച്ചർ, ബേബി സരോജം, ശ്രീലത ടീച്ചർ എന്നിവർ സഹ അധ്യാപകരായും സേവനം ചെയ്ത് വിരമിച്ചവരാണ്.ഈ വിദ്യാലയത്തിൽ നിന്നും പഠനം നടത്തി സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നത പദവികൾ വഹിച്ച നിരവധി വ്യക്തിത്വങ്ങൾ ഇന്നും ജീവിക്കുന്നു. 80 ശതമാനവുംസാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയം പ്രദേശത്തുകാർക്ക് പ്രതീക്ഷയുള്ള ഒരു സ്ഥാപനമായി നിലനിൽക്കുകയാണ്. ബഹളങ്ങളിൽ നിന്നും മാറി കുന്നിൻ പുറത്ത് ഗ്രാമീണ പശ്ചാത്തലത്തിൽ ഉള്ള സ്കൂൾ നാട്ടുകാരുടെ വിശ്വാസം പൂർണമായി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോവുന്നു. വിദ്യാലയ സ്ഥാപനത്തിൻറെ പ്രധാന ലക്ഷ്യം പെൺകുട്ടികളുടെ വിദ്യാഭ്യാസ ശാക്തീകരണമാണ്.
അവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സ്ഥാപിതമായ ഈ പാഠശാലയിൽ നിലവിൽ ആൺകുട്ടികളും പെൺകുട്ടികളും ചേർന്നു പഠിക്കുന്നു .

## 2025-2026 വർഷം സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും എണ്ണം

**ആകെ അധ്യാപകർ - 5 (പുരുഷൻമാർ -2 ,സ്ത്രീകൾ- 3)**

**വിദ്യാർത്ഥികളുടെയും എണ്ണം 46**

| Std | 1 Std | | 2 Std | | 3 Std | | 4 Std | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| No. of Students | 1 | 4 | 8 | 6 | 6 | 7 | 6 | 8 | 21 | 25 |
| Total | 5 | | 14 | | 13 | | 14 | | 46 | |

# കാഴ്ചപ്പാട്

നമ്മുടെ വിദ്യാലയത്തിൽ എത്തിപ്പെടുന്ന വിദ്യാർത്ഥികളുടെ വിവിധ മേഖലയിലുള്ള വിജ്ഞാനം, ഭൗതീകമായ വികാസം, വ്യക്തിശുചിത്വം എന്നിവയിൽ ഏറ്റവും മെച്ചപ്പെട്ട പുരോഗതിയും, അറിവും ഉണ്ടാക്കി എടുക്കുക എന്നതാണ് മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്ന കാഴ്ചപ്പാട്. അടുത്ത അഞ്ച് വർഷമാകുമ്പോഴെക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ സജ്ജീകരിക്കുക. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയിട്ടുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുകയും മികച്ച പഠന രീതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പാഠ്യപാഠാനുബന്ധ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ, ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകം പരിഗണനയും പങ്കാളിത്തവും കൊടുത്തു കൊണ്ടുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കൽ എന്നിവകൂടി ഇതിലൂടെ ലക്ഷ്യമിടുന്നു.

# പൊതുലക്ഷ്യങ്ങൾ

- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയിലും ഉയർന്നശേഷി കൈവരിക്കൽ
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് കൂടുതൽ പരിശീലനം ലഭ്യമാക്കൽ
- അതാത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ ആ ക്ലാസുകളിൽ തന്നെ നേടുക.
- പ്ലാസ്റ്റിക്ക് വിമുക്ത സ്കൂൾ കാമ്പസ് ഒരുക്കൽ
- സ്കൂൾ കാമ്പസ് ഹരിതാഭമാക്കൽ ജൈവൈവിധ്യ വേലി നിർമ്മിക്കൽ
- ഉച്ചഭക്ഷണം കൂടുതൽ പോഷകപ്രദമായി നൽകൽ
- വിദ്യാലയ വികസനത്തിന് പിന്തുണ നൽകുന്ന ശക്തമായ പി.ടി.എ. ഉണ്ടാക്കിയെടുക്കൽ
- കുട്ടികളിൽ ശുചിത്വബോധം ഉണ്ടാക്കിയെടുക്കൽ

# മേഖലകൾ

അടിസ്ഥാനശേഷി വികസനം, ലക്ഷ്യം, പ്രവർത്തനം

വിഷയം : മലയാളം

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതാനുള്ള ശേഷി വികസിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

ഒന്ന്, രണ്ട് ക്ലാസുകൾക്ക്

- ചിത്രകാർഡുകൾ
- പദകാർഡുകൾ
- അക്ഷരങ്ങൾക്ക് ആഭരണമണിയിക്കൽ
- പദസൂര്യൻ നിർമ്മാണം
- ഒറ്റയാനെ കണ്ടെത്തൽ
- കഥകൾ പറഞ്ഞുകൊടുക്കൽ
- ആംഗ്യപ്പാട്ടുകൾ, കടങ്കഥകൾ
- ചിത്രങ്ങളടങ്ങിയ വലിയ അക്ഷരങ്ങളുള്ള കഥാപുസ്തകങ്ങൾ
- ചെറിയ പാട്ടുകളും കഥകളും ശേഖരിക്കൽ
- ഐ.സി.ടി. പ്രവർത്തനം

മൂന്ന് , നാല് ക്ലാസുകൾക്ക്

- കടങ്കഥകൾ, നാടൻപാട്ടുകൾ ശേഖരിക്കൽ, അവതരണം
- അടിക്കുറിപ്പെഴുതൽ
- ചിത്രവിവരണം
- വരികൾ കൂട്ടിച്ചേർക്കാം
- കഥാപൂരണം

- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- കവി പരിചയം
- നിവേദനം തയ്യറാക്കൽ
- ഡയറിക്കുറിപ്പ് തയ്യാറാക്കൽ
- തലകെട്ട് നിർമ്മാണം
- താരതമ്യം ചെയ്യൽ
- ഐ.സി.ടി. പ്രവർത്തനം

**വിഷയം : ഗണിതം**

**<u>ലക്ഷ്യം</u>**

ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിനും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനു പ്രാപ്തരാക്കുന്നതിന്

**<u>പ്രവർത്തനങ്ങൾ</u>**

**ഒന്ന് രണ്ട് ക്ലാസുകൾക്ക്**

- സംഖ്യകൾ എണ്ണാം എഴുതാം
- സംഖ്യാ കാർഡുകൾ
- പാറ്റേൺ കണ്ടെത്താം
- സംഖ്യാമാല - സങ്കലനം, സങ്കലനകാർഡുകൾ
- സംഖ്യാമാല - വ്യവകലനം, വ്യവകലനകാർഡുകൾ
- സംഖ്യാവ്യാഖ്യാനം
- പ്രായോഗിക പ്രശ്നങ്ങൾ
- കലണ്ടർ കണക്കുകൾ
- അളക്കാം, കണ്ടെത്താം
- രൂപയും പൈസയും
- ഗുണിക്കാം കണ്ടെത്താം (2,5,10)
- ഐ.സി.ടി. പ്രവർത്തനം

വിഷയം : ഇംഗ്ലീഷ്

<u>ലക്ഷ്യം</u>

ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ

<u>പ്രവർത്തനങ്ങൾ</u>

**ഒന്ന് രണ്ട് ക്ലാസുകൾക്ക്**

- Picture cards
- Action songs
- Word cards
- Story telling
- English games
- Picture description
- Identify the colours
- Concept maping
- Riddle
- Simple conversations
- ICT activities

**മൂന്ന്, നാല് ക്ലാസുകൾക്ക്**

- Picture description
- Converstion
- Thoughts
- Conceptmaping
- riddles
- English rhymes
- Add more lines
- Story telling
- Notice
- Games, puzzles, ICT activities

## വിഷയം : പരിസര പഠനം

### ലക്ഷ്യം

തന്റെ ചുറ്റുപാടുകൾ നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വാർത്തെടുക്കൽ, സൂക്ഷ്മനിരീക്ഷണത്തിലൂടെ പ്രകൃതിയെ അറിയുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള താല്പര്യം വളർത്തിയെടുക്കൽ

### പ്രവർത്തനങ്ങൾ

ഒന്ന് രണ്ട് ക്ലാസുകൾക്ക്

- ചിത്രനിരീക്ഷണം
- ഫീൽഡ് ട്രിപ്പ്
- നിരീക്ഷണക്കുറിപ്പ്
- വിലയിരുത്തൽ
- താരതമ്യം ചെയ്യൽ
- ഐ.സി.ടി. ഉപയോഗം

മൂന്ന്, നാല് ക്ലാസുകൾക്ക്

- നിരീക്ഷണം
- കണ്ടെത്തൽ
- ഇന്ത്യയെ മനസിലാക്കൽ
- കൃഷി രീതികൾ മനസിലാക്കൽ
- ദിക്കുകൾ തിരിച്ചറിയൽ
- ഗ്രഹങ്ങൾ അറിയാം
- സസ്യലോകം
- ജന്തുലോകം
- ദിനാചരണം
- ഐ.സി.ടി. പ്രവർത്തനം
- വാർത്താവിനിമയ മാർഗ്ഗങ്ങൾ തിരിച്ചറിയൽ

## വിഷയം: അറബിക്

**ലക്ഷ്യം**

മുഴുവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാനും എഴുതാനും സാധിക്കണം

**പ്രവർത്തനങ്ങൾ**

- പദനിർമ്മാണം
- കഥപറയൽ
- ആംഗ്യഗാനം
- പസ്സിൽസ്
- പദപ്രശ്നം
- ഗദ്യവായന
- കവിതാപൂരണം
- പദപ്പയറ്റ്

# പൊതുമേഖല - പ്രവർത്തനങ്ങൾ

വിഷയം : മലയാളം

ലക്ഷ്യം

എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനം

വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, വായനോത്സവം, പത്രവായന, അമ്മ വായന, വായനക്കുറിപ്പ് തയ്യാറാക്കൽ, പുസ്തക ചർച്ച, ആസ്വാദനക്കുറിപ്പ്, മാഗസിൻ , ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, രചയിതാക്കളെ പരിചയപ്പെടൽ

## വിഷയം : ഇംഗ്ലീഷ്

ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനം

ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് കളികൾ, മാസത്തിലെ ഒരു വെള്ളിയാഴ്ച ഇംഗ്ലീഷ് ഫെസ്റ്റ് (റൈംസ്, റോൾപ്ലേ, കോറിയോഗ്രാഫി, സ്കിറ്റ്) ആഴ്ചയിലെ ഒരു ദിവസം ഇംഗ്ലീഷ് ഡേ, ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കൽ.

## വിഷയം : കമ്പ്യൂട്ടർ വിദ്യാഭ്യാസം

ലക്ഷ്യം

കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള കഴിവ് വികസിപ്പച്ചെടുക്കൽ

പ്രവർത്തനങ്ങൾ

കമ്പ്യൂട്ടറിനെ അറിയാം, കളറിംഗ്, രൂപങ്ങൾ ഉണ്ടാക്കാം, സെർച്ച് ചെയ്യാം

## ഫീൽഡ് ട്രിപ്പ്

ലക്ഷ്യം

ചുറ്റുപാടിനെ നിരീക്ഷിക്കാനും രേഖപ്പെടുത്താനുമുള്ള അവസരം നൽകുന്നതിന്.

**പ്രവർത്തനങ്ങൾ**

പരിസരദിനവുമായി ബന്ധപ്പെട്ട് തണ്ണീർത്തടങ്ങൾ സന്ദർശിക്കൽ, വായനാദിനവുമായി ബന്ധപ്പെട്ട് ലൈബ്രറി സന്ദർശനം

**പഠനോപകരണ നിർമ്മാണം**

**ലക്ഷ്യം**

വിഷയവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ നിർമിക്കുന്നതിന്

**പ്രവർത്തനങ്ങൾ:**

കടലാസ്, ഓല മറ്റ് പാഴ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കൽ

**പരീക്ഷ:-**

**ലക്ഷ്യം**

കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

വിഷയാടിസ്ഥാനത്തിൽ ഓരോ ക്ലാസിലും യൂണിറ്റ് ടെസ്റ്റ് ടേം പരീക്ഷയിൽ ഓരോ കുട്ടികളുടെയും നിലവാരത്തെക്കുറിച്ച് രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. മാസത്തോറും ക്വിസ് പരിപാടി നടത്തുന്നു.

**കലാകായിക വിദ്യാഭ്യാസം/ആരോഗ്യപഠനം:-**

ഇലകൾകൊണ്ട് മൃഗങ്ങളുടെ ചിത്രങ്ങൾ, ചിത്രരചന, മാസ്ഡ്രിൽ, അന്യം വന്നുകൊണ്ടിരിക്കുന്ന നാടൻ കളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നു.

# സാമൂഹികം സർഗാത്മകം

**അസംബ്ലി** - മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ പ്രതിജ്ഞ, പത്രവായന

ദിനാചരണം - ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, ക്വിസ്, കുറിപ്പ് തയ്യാറാക്കൽ

**ക്ലബ്ബ് പ്രവർത്തനം** :- ചുമതലയുള്ള അധ്യാപകരുടെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തനം

**വിദ്യാരംഗം** :- മാസത്തിൽ രണ്ട് തവണ പരിപാടികൾ സംഘടിപ്പിക്കൽ (രണ്ടാം വെള്ളിയാഴ്ച, അവസാന വെള്ളിയാഴ്ച)

**അവസരസമത്വം (ഭിന്നശേഷി)**

എല്ലാവരും ഉൾപ്പെട്ടിട്ടുള്ള കളികൾ, കലാപരിപാടികൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കൽ.

**പ്രീ-പ്രൈമറി** :- സ്കൂളിൽ നടത്തുന്ന കലാകായിക പരിപാടികളിൽ പ്രീപ്രൈമറി കുട്ടികളെയും പങ്കെടുപ്പിക്കൽ

**നിലവിലെ അവസ്ഥ**

പഠനകാര്യങ്ങൾക്കായി രക്ഷിതാക്കളുമായി നിരന്തരം ബന്ധം പുലർത്തി വരുന്നതിനാൽ വിദ്യാർത്ഥികളുടെ പഠനപുരോഗതിയിൽ നല്ല മാറ്റമുണ്ടാകുന്നു. മലയാളത്തിളക്കം ,ഈസി ഇംഗ്ലീഷ്, ഹയ്യാനതകല്ലം അറബി, ശാസ്ത്രം - കൗതുകലോകം, ഗണിത വിജയം,തുടങ്ങിയ പദ്ധതികൾ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്കായി ചെയ്തു വരുന്നു.

ഇത് കുട്ടികളിൽ നല്ല മാറ്റമുണ്ടാക്കിയിട്ടുണ്ട്.തുടർച്ചയായി ഒൻപത് വർഷം LSS വിജയം നേടുവാൻ സാധിച്ചു എന്നതും സബ്ജില്ലാ ശാസ്ത്രമേളയിൽ വുഡ് വർക്കിൽ ഒന്നാം സ്ഥാനവും,ക്ലേ മോഡലിംഗ്,ബീഡ്സ് വർക്ക് പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ,സിംപിൾ എക്സ്പിരിമെന്റ്,തുടങ്ങിയ ഇനങ്ങളിൽ എ ഗ്രേഡ് നാലാം സ്ഥാനവും കലോത്സവത്തിൽ നാലാം സ്ഥാനവും നേടാൻ കഴിഞ്ഞിട്ടുണ്ട്.അറബിക് സാഹിത്യോത്സവത്തിൽ മൂന്നാം സ്ഥാനവും നേടാൻ കഴിഞ്ഞു.
അറബിക് അൽ മാഹിർ സ്കോളർഷിപ്പ് പരീക്ഷയിലും വിജയം നേടുവാൻ സാധിച്ചു.

സബ് ജില്ലാ കലോത്സവത്തിൽ കടംകഥാ ക്വിസിൽ ഒന്നാം സ്ഥാനവും സബ് ജില്ലാ കായികോത്സവത്തിൽ ലോങ്ങ് ജംപിൽ ഒന്നാം സ്ഥാനവും നേടുവാൻ സാധിച്ചിട്ടുണ്ട് .

**ശ്രദ്ധയിൽ പെട്ട പോരായ്മകൾ**

വിദ്യാർഥികളിൽ വായനാശീലം കുറഞ്ഞുവരുന്നത് പ്രധാന പോരായ്മയാണ് . ചില രക്ഷിതാക്കൾ വിദ്യാലയവുമായി തീരെ ബന്ധപ്പെടുന്നില്ല എന്നത് കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. വിദ്യാർത്ഥികളിൽ പകുതിയോളം പേർക്ക് മാത്രമാണ് നല്ല പിന്തുണ വീടുകളിൽ നിന്ന് ലഭിക്കുന്നത്. പഠനകാര്യത്തിൽ താല്പര്യമുള്ള രക്ഷിതാക്കളാണ് കൂടുതലും എന്നാൽ ജീവിത സാഹചര്യങ്ങൾ മിക്ക രക്ഷിതാക്കൾക്കും കുട്ടികളുടെ പഠനകാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയാതെ പോവുന്നു

പൊതുവിദ്യാലയങ്ങളുടെ വികസനത്തിനും പുരോഗതിയ്ക്കും വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന സമഗ്ര ഗുണമേന്മാ പദ്ധതി യുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാലയങ്ങളുടെ സംരക്ഷണങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ടെങ്കിലും മാറിയ സാഹചര്യങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നും ഒഴിവായി മറ്റ് സ്ഥാപനങ്ങളിലേക്ക് കുട്ടികൾ പോകുന്നത് ഏറെ ആശങ്കയുണ്ടാക്കുന്നു.

സാമൂഹിക പങ്കാളിത്തം

പിടിഎ -എസ് എം സി , സന്നദ്ധ സംഘടന തുടങ്ങിയവരുടെ പങ്കാളിത്ത പ്രവർത്തനങ്ങൾ നടത്തുന്നു .
പിടിഎ ശാക്തീകരണം സി പി ടി എ കാര്യക്ഷമമാക്കാൻ
പൂർവവിദ്യാർത്ഥികളുടെ സംഗമം /പിന്തുണ ലഭ്യമാക്കൽ,
പിഎസ്സി റിപ്പോർട്ടിംഗ് ,സ്കൂൾ വാർഷികം ജനകീയവും സാംസ്കാരിക തനിമയുള്ളതും ആക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു .
ദിനാചരണങ്ങൾ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ നടത്തുന്നു.

# ഉപസംഹാരം

പൊതുവിദ്യാലയങ്ങളുടെ സംരക്ഷണത്തിനും സമഗ്രവികസനത്തിനും വേണ്ടി കേരള സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പൊതു വിദ്യാലയങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകി യിരിക്കുകയാണ്. വിദ്യാലയത്തിന്റെ അക്കാദമിക സാമൂഹിക ഭൗതിക മേഖലകളിൽ നടപ്പിലാക്കേണ്ട ഹ്രസ്വകാല, ഇടക്കാല, ദീർഘകാല പ്രവർത്തനങ്ങളുടെ സംക്ഷിപ്ത മാർഗരേഖയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്.

ഇതിന്റെ പൂർത്തീകരണത്തിനായി പൊതുസമൂഹത്തിന്റെയും സർക്കാർ, ജന പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ സാംസ്കാരിക സംഘടനകൾ എന്നിവരുടെ പൂർണ്ണ പിന്തുണ അഭ്യർത്ഥിച്ചു കൊണ്ട് ഈ വികസനപദ്ധതി ഇവിടെ അംഗീകാരത്തി നായി സമർപ്പിക്കുന്നു.